# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ശ്രീ. എ. സയീദിന് കെ. എസ് & എസ്.എസ്.ആർ, ഭാഗം II, ചട്ടം 31 എ(i) പ്രകാരം അഡീഷണൽ ഡയറക്ടറായി താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

## തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ)ന.1508/2015/തസ്വഭവ തീയതി, തിരുവനന്തപുരം, 21.05.2015

================================================================

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 29/04/2015-ലെ ഇ11-13300/2015 നമ്പർ കത്ത്

## ഉത്തരവ്

പഞ്ചായത്ത് ഡയറക്ടറേറ്റിലെ സീനിയർ മോസ്റ്റ് ജോയിന്റ് ഡയറക്ടർ ശ്രീ. എ. സയീദ് 31.05.2015-ൽ സർവ്വീസിൽ നിന്ന് വിരമിക്കുന്നതിനാലും, ടിയാന് അർഹതപ്പെട്ട ഉദ്യോഗക്കയറ്റം നഷ്ടപ്പെടാതിരിക്കുന്നതിനു വേണ്ടിയും പഞ്ചായത്ത് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടറും, ജനന-മരണ ചീഫ് രജിസ്ട്രാറുമായ ശ്രീമതി. എസ്.ലത അവധിയിൽ പ്രവേശിച്ചതിനാലും ടിയാന് അഡീഷണൽ ഡയറക്ടറായി കെ.എസ്. & എസ്.എസ്.ആർ ഭാഗം II, ചട്ടം 31 എ (i) പ്രകാരം താത്ക്കാലിക ഉദ്യോഗക്കയറ്റം നൽകണം എന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ഈ താത്ക്കാലിക ഉദ്യോഗക്കയറ്റം അടുത്ത് ചേരുന്ന ഡി.പി.സി മുമ്പാകെ സമർപ്പിച്ച് ക്രമീകരിക്കാവുന്നതാണ് എന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ വിശദമായി പരിശോധിച്ചു. പഞ്ചായത്ത് വകുപ്പിലെ സീനിയർ മോസ്റ്റ് ജോയിന്റ് ഡയറക്ടറാണ് ശ്രീ. എ. സയീദ്. ടിയാൻ 31/05/2015-ൽ വിരമിക്കുകയാണ്. ടിയാന്റെ പേരിൽ യാതൊരു അച്ചടക്ക നടപടിയും നിലനിൽക്കുന്നില്ല. ജോയിന്റ് ഡയറക്ടർ തസ്തികയിൽ ടിയാന്റെ പ്രൊബേഷനും ഡിക്ലയർ ചെയ്തിട്ടുണ്ട്. ടിയാൻ വിരമിക്കുന്നതിന് മുമ്പ് ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി റഗുലർ പ്രൊമോഷൻ നൽകുവാൻ സാധിക്കുകയുമില്ല.

ഈ സാഹചര്യത്തിൽ പഞ്ചായത്ത് വകുപ്പിലെ സീനിയർ മോസ്റ്റ് ജോയിന്റ് ഡയറക്ടർ ശ്രീ. എ. സയീദിന് കെ. എസ് & എസ്.എസ്.ആർ, ഭാഗം II, ചട്ടം 31 എ(i) പ്രകാരം അഡീഷണൽ ഡയറക്ടറായി താത്കാലിക ഉദ്യോഗക്കയറ്റം നൽകി പഞ്ചായത്ത് ഡയറക്ടറേറ്റിലെ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി താൽക്കാലിക ഉദ്യോഗക്കയറ്റം അടുത്തുചേരുന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി യോഗത്തിൽ വച്ച് ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കൃഷ്ണ ശർമ്മ പി.**

അഡീഷണൽ സെക്രട്ടറി.

പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

1. ശ്രീ. എ. സയീദ്, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (വികസനം), പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശൂർ.
4. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. വെബ് & ന്യൂമീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ